# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1109    20.01.2014 -ലെ മറുപടിക്ക്.**

**2010-11 വർഷത്തിൽ സർക്കാർ/എയ്ഡഡ് മേഖലകളിൽ അനുവദിച്ച ഹയർ സെക്കൻഡറി സ്കൂളുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം | ശ്രീ. പി. കെ. അബ്ദുറബ്ബ്. (ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2010-11 വർഷത്തിൽ എത്ര ഹയർ സെക്കൻഡറി സ്കൂളുകളാണ് സർക്കാർ/എയ്ഡഡ് മേഖലകളിലായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സർക്കാർ മേഖലയിൽ 29 ഉം എയിഡഡ് മേഖലയിൽ 152 ഉം സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) മന്ത്രിസഭാതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ പുതിയ ഹയർ സെക്കൻഡറി സ്കൂളുകൾ അനുവദിച്ചത്; എങ്കിൽ, ആയതുപ്രകാരം കൃത്യസമയത്ത് തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ; ഇതിലേയ്ക്കായി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവിറങ്ങിയത് ഏതെല്ലാം തീയതികളിലാണെന്ന് വ്യക്തമാക്കുമോ; | (ബി) മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സ്കൂളുകൾ അനുവദിച്ചത് .തസ്തിക സൃഷ്ടിച്ച സർക്കാർ ഉത്തരവുകളും തീയതിയും ചുവടെ കൊടുക്കുന്നു.<br><br>__സർക്കാർ മേഖല__<br>ഒന്നാം വർഷം<br>സ.ഉ. (കൈ.)നം. 168/11/പൊവി തീയതി 06/8/2011.<br>രണ്ടാംവർഷം<br>സ.ഉ.(കൈ.) നം.83/13 /പൊവി തീയതി 05/03/2013<br><br>__എയ്ഡഡ് മേഖല__<br>ഒന്നാം വർഷം<br>സ.ഉ.(കൈ.)നം.211/11/പൊവി തീയതി 24/10/2011.<br>രണ്ടാംവർഷം<br>സ.ഉ.(കൈ.)നം.76/13/പൊവി തീയതി 23/02/2013. |

| | | | |
|---|---|---|---|
| (സി) | ഈ സ്കൂളുകളിൽ എയ്ഡഡ് വിഭാഗത്തിൽ ലാബ് അസിസ്റ്റന്റുമാരുടെ തസ്തികകൾ എപ്പോഴാണ് നിലവിൽ വരേണ്ടിയിരുന്നതെന്നും, ഇവ എപ്പോഴാണ് സൃഷ്ടിച്ചതെന്നും വിശദമാക്കുമോ; | (സി) | എയ്ഡഡ് വിഭാഗത്തിൽ ലാബ് അസിസ്റ്റന്റുമാരുടെ തസ്തികകൾ 2011-12 അദ്ധ്യയന വർഷം മുതലാണ് നിലവിൽ വരേണ്ടിയിരുന്നത്. തസ്തിക സൃഷ്ടിച്ച ഉത്തരവുകളും തീയതിയും ചുവടെ ചേർക്കുന്നു.<br>സ.ഉ.(കൈ.)നം. 76/13/പൊവി തീയതി 23/02/2013.<br>സ.ഉ.(കൈ.)നം. 165/13/പൊവി തീയതി 15/05/2013. |
| (ഡി) | തസ്തിക സൃഷ്ടിക്കുന്നതുവരെ നിയമിക്കപ്പെട്ടുന്ന അദ്ധ്യാപകർക്ക് ദിവസവേതനം ലഭ്യമാക്കാൻ നിർദ്ദേശിച്ചിരുന്നുവോ; ഇതേ കാലയളവിൽ ജോലിചെയ്ത ലാബ് അസിസ്റ്റന്റുമാർക്ക് ദിവസവേതനം ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, വേതനം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | അദ്ധ്യാപകർക്ക് ദിവസവേതനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ലാബ് അസിസ്റ്റന്റുമാരുടെ കാര്യത്തിൽ, പ്രൊപ്പോസലുകൾ ലഭിക്കുന്നതനുസരിച്ച് പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ആഫീസർ